**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1410** **30-06-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്ത്രീ സൗഹൃദമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** രാജ്യത്തെ ഏറ്റവും കൂടുതൽ സ്ത്രീ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** എ)രാജ്യത്തെ ഏറ്റവും മികച്ച സ്ത്രീസൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ സുരക്ഷ, സാമൂഹിക-സാമ്പത്തിക ശാക്തീകരണം, ലിംഗസമത്വം എന്നിവ ഉറപ്പാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഗതാഗത വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് വിപുലമായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു

**(ബി)** യാത്രക്കാരായ സ്ത്രീകളെ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ പൊതുവിശ്രമ മുറികൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ എത്ര പട്ടണങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

**മറുപടി:** (ബി) എല്ലാ പ്രധാന മുൻസിപ്പൽ ബസ് ടെർമിനലുകളിലും സുരക്ഷിതവും വൃത്തിയുള്ളതുമായ പൊതു വിശ്രമ കേന്ദ്രങ്ങളും പൊതു ശൗചാലയങ്ങളും മുലയൂട്ടൽ കേന്ദ്രങ്ങളും ഒരുക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**(സി)** തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുവാൻ നടപടികളുണ്ടാവുമോ; പ്രസവാവധി അസംഘടിത മേഖലയിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

**മറുപടി:** (സി)തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനായി 'തുല്യവേതന നിയമം-1976' നിലവിലുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധനകളിലൂടെ ലിംഗഭേദമെന്യേ തുല്യവേതനം ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ ഈ നിയമം കേന്ദ്രസർക്കാരിന്റെ വേജ് കോഡിന്റെ (Wage Code) ഭാഗമാണ്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് ഇത് കേരളത്തിലും വേജ് കോഡിന്റെ ഭാഗമാകുന്നതാണ്. സ്ത്രീകൾ തൊഴിൽ സ്ഥലത്ത് നേരിടുന്ന വിവേചനങ്ങൾ പേര്

വെളിപ്പെടുത്താതെ അറിയിക്കാൻ "സഹജ കാൾ സെന്റർ" എന്ന സംവിധാനം തൊഴിൽ വകുപ്പ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികളിൽ രഹസ്യ സ്വഭാവം സൂക്ഷിച്ചുകൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നു. നിലവിൽ പ്രസവാവധി പത്തോ അതിൽ കൂടുതലോ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. പത്തിൽ താഴെ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്കും പ്രസവാവധി അവകാശമാക്കുന്നതിനായി കേന്ദ്രസർക്കാർ നിലവിലെ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. സംസ്ഥാന സർക്കാർ വിവിധ ക്ഷേമ നിധി ബോർഡുകൾ മുഖേന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. അംസംഘടിത മേഖലയിൽ തൊഴിലാളി തൊഴിലുടമ ബന്ധം ശരിയായി നിർവ്വചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസവാവധി ടി മേഖല കൂടി ബാധകമാകുന്നത് നിയമപരമായ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

**(ഡി)** അസംഘടിത മേഖലയിലെ സ്ത്രീകൾക്ക് അവരുടെ തൊഴിലിടങ്ങളിൽ സാനിട്ടറി നാപ്കിനുകൾ പോലുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** (ഡി) പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

ഈ സർക്കാരിന്റെ വിഷൻ 2031 ഡോക്യുമെന്റ് പ്രകാരം, വനിതാ-ശിശു വികസന വകുപ്പ് നേരിട്ടും മറ്റ് വകുപ്പുകളുമായി സഹകരിച്ചും സംയുക്തമായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.
ഈ വർഷം 100 ദിന പരിപാടിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

മെൻസ്ട്രൽ ഡിഗ്നിറ്റിയുടെ ഭാഗമായി സ്ത്രീകൾക്ക് ആർത്തവ കപ്പുകൾ, പാഡുകൾ അടക്കമുള്ളവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും. പരിസ്ഥിതി സൗഹൃദ സാനിറ്ററി പാഡ് വെൻഡിങ് മെഷീനുകളും പാഡ് ഇൻസിനറേറ്ററുകളും പൊതു സ്ഥലങ്ങളിൽ സ്ഥാപിക്കും. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക കുറ്റകൃത്യങ്ങളും സ്ത്രീധന പീഡനങ്ങളും തടയാൻ ശക്തമായ നടപടി സ്വീകരിക്കും. ഇതിനായി "അവൾക്കൊപ്പം" എന്ന പേരിൽ പദ്ധതി നടപ്പിലാക്കും. വ്യാവസായിക പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ ആറു മാസം മുതൽ പ്രായമുള്ള കുട്ടികൾക്കായി നഴ്സറി സൗകര്യങ്ങൾ ഏർപ്പെടുത്തും. പീഡനം നേരിട്ട സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, പാർപ്പിടം, കൗൺസിലിംഗ്, ആരോഗ്യ പരിരക്ഷ, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന സുരക്ഷാ ഭവനങ്ങൾ സ്ഥാപിക്കും. വിഷൻ 2031- ൽ പരാമർശിക്കുന്ന പ്രകാരം, സ്ത്രീ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാൻ സ്ത്രീകൾക്ക് KSRTC ബസുകളിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർത്ഥികൾക്ക് 1000 രൂപ പ്രതിമാസ ധനസഹായം, കുറ്റകൃത്യങ്ങൾ തടയാൻ ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയ ദിശ നിയമ മാതൃകയിൽ പുതിയ നിയമ നിർമ്മാണം, സിംഗിൾ മദർ പെൻഷൻ പദ്ധതി, ഷീ ഹോസ്പിറ്റൽസ് പദ്ധതി, സ്ത്രീകൾക്ക് സൗജന്യ മാമ്മോഗ്രാം, മുലപ്പാൽ ബാങ്ക്, വനിതകൾക്കായി പിങ്ക് ജിം, പിങ്ക് ഫിറ്റ്നസ് ട്രെയിനിങ് സെന്ററുകൾ തുടങ്ങിയ വിവിധ തരം പദ്ധതികൾ വിഭാവനം ചെയ്യുന്നു.

ഇവ കൂടാതെ വകുപ്പ് വഴി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

### പോഷ് ആക്ട്

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി

നടപ്പിലാക്കിയ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം, 2013 പ്രകാരം പത്തോ അതിൽ കൂടുതലോ ജീവനക്കാർ ഉള്ള എല്ലാ തൊഴിലിടങ്ങളിലും നിയമത്തിന്റെ വകുപ്പ് 4 പ്രകാരം ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു.

**പോഷ് കംപ്ലയൻസ് പോർട്ടൽ**

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ആഭ്യന്തര കമ്മിറ്റികളുടെയും (ഐ.സി) ലോക്കൽ കമ്മിറ്റികളുടെയും (എൽ.സി) വിവരങ്ങളും റിപ്പോർട്ടുകളും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമായി POSH COMPLIANCE PORTAL നിലവിലുണ്ട്.

നിയമത്തിന്റെ സെക്ഷൻ 26 പ്രകാരം പത്തോ അതിലധികമോ ആളുകൾ തൊഴിലെടുക്കുന്ന തൊഴിലിടങ്ങളിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിക്കാത്ത പക്ഷം 50000 രൂപ വരെ പിഴ ഈടാക്കുവാനും മുൻപ് ഇതേ കുറ്റത്തിന് ശിക്ഷിച്ചിട്ടുള്ള തൊഴിലുടമയ്ക്ക് ഇരട്ടി ശിക്ഷ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

POSH ACT 2013 നെ കുറിച്ച് തൊഴിലിടങ്ങളിലെ ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പോഷ് ആക്ട് സംബന്ധിച്ച നിയമത്തിലെ പ്രസക്തഭാഗങ്ങൾ കാർട്ടൂൺ രൂപത്തിൽ തയ്യാറാക്കി 3 ലക്ഷം ബുക്ക് ലെറ്റുകൾ പ്രിന്റ് ചെയ്ത് 14 ജില്ലാ വനിതാ- ശിശുവികസന ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, കേന്ദ്ര വനിതാ ശിശുമന്ത്രാലയം തയ്യാറാക്കിയ POSH ആക്ട് 2013 നെ കുറിച്ചുള്ള STANDARD OF OPERATING PROCEDURE HAND BOOK മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് 10,000 കോപ്പികൾ പ്രിന്റ് ചെയ്ത് എല്ലാ ജില്ലാ വനിതാ-ശിശുവികസന ഓഫീസുകളിലും വിതരണം ചെയ്യുകയും ഉണ്ടായി.

**സ്ത്രീധന നിരോധന നിയമം 1961**

സ്ത്രീധന പീഡനങ്ങൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങളെ/സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ,

വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry ആരംഭിച്ചിട്ടുണ്ട്.

**ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005**

സ്ത്രീകൾ ഗാർഹിക ബന്ധങ്ങളിൽ നേരിടുന്ന വിവിധ തരത്തിലുള്ള അതിക്രമങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി 2005-ൽ പ്രാബല്യത്തിൽ വന്ന ഒരു പ്രധാന സാമൂഹ്യക്ഷേമ നിയമമാണ് ഗാർഹിക അതിക്രമ നിയമം. സ്ത്രീകൾക്ക് മാന്യതയോടെയും സുരക്ഷയോടെയും ജീവിക്കാനുള്ള അവകാശം ഉറപ്പാക്കുക എന്നതാണ് ഈ നിയമത്തിന്റെ മുഖ്യ ലക്ഷ്യം.

നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി പ്രൊട്ടക്ഷൻ ഓഫീസർമാരെയും സർവീസ് പ്രൊവൈഡർമാരെയും നിയോഗിച്ചിട്ടുണ്ട്. പരാതികൾ ജുഡീഷ്യൽ മജിസ്ട്രേറ്റിനു മുന്നിൽ നൽകാം.

**വനിതാ സംരക്ഷണ ഓഫീസർ**:- ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

**സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ**:-

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 77 സർവീസ് പ്രൊവൈഡിംഗ് സെൻററുകൾ പ്രവർത്തിച്ചു വരുന്നു.

**ഷെൽട്ടർ ഹോമുകൾ** :-

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം,

വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

**പ്രീ-മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ്**

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഗാർഹിക അതിക്രമങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കുന്നതിനും, ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും പ്രീ-മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് സഹായകരമാകുമെന്നതിനാൽ വനിതാ-ശിശു വികസന വകുപ്പിനു കീഴിലുള്ള പരിശീലനം ലഭിച്ച കൗൺസിലർമാരുടെ നേതൃത്വത്തിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 100 ബ്ലോക്കുകളിൽ ഗ്രൂപ്പ് കൗൺസിലിംഗ് നടത്തുകയുണ്ടായി.

**പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്കും അവരുടെ കുട്ടികളുടെ ഉന്നമനത്തിനായി വനിതാ-ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന ധനസഹായ പദ്ധതികൾ**

വിധവകൾ/അഗതികൾ, ബി.പി.എൽ കുടുബങ്ങളിലെ വനിതാ ഗൃഹനാഥർ എന്നിവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായും വിധവകളുടെ പുനർ വിവാഹത്തിനായും അവർക്ക് താമസ സൗകര്യം നൽകുന്നതിനായും സഹായഹസ്തം, വിദ്യാധനം, പടവുകൾ, മംഗല്യ, അഭയകിരണം എന്നീ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**1.മംഗല്യ**

ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽപ്പെട്ട 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2018-19 മുതൽ 2024-25 വർഷം വരെ 1354 പേർക്ക് 1,38,50,000/- രൂപ വിവാഹ ധനസഹായമായി നൽകുവാൻ കഴിഞ്ഞു.

**2.അഭയകിരണം**

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി

താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന 50 വയസ്സിന് മുകളിൽ പ്രായമുള്ള വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ അനുവദിക്കുന്നു. 2018-19 വർഷം മുതൽ 2024-25 വർഷം വരെ 4752 ഗുണഭോക്താക്കൾക്ക് 3,67,56,000/- രൂപ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

**3.സഹായ ഹസ്തം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്..

**4.പടവുകൾ**

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു..

**5.വിദ്യാധനം**

ഈ പദ്ധതി പ്രകാരം വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

**രാത്രി കാലങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനും സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് മുഖാന്തിരം സ്ത്രീകൾക്ക് സൗജന്യനിരക്കിലും, മിതമായ നിരക്കിലും സുരക്ഷിത താമസ സൗകര്യം ഒരുക്കുന്ന പദ്ധതികൾ**

**1.എന്റെ കൂട്**

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ

അടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി ആണ് " എന്റെ കൂട്". പ്രസ്തുത പദ്ധതി സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുന്നു.

**2. വൺഡേ ഹോം (ഏകദിന വസതി)**

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിൽ നടപ്പിലാക്കി വരുന്നു.

**<u>വകുപ്പ് വഴി നടപ്പിലാക്കുന്ന ബോധവത്ക്കരണ പരിപാടികൾ</u>**

**1. കനൽ കർമ്മപദ്ധതി**

ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ആരംഭിച്ച കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ, നോൺ ടെക്നിക്കൽ, പ്രൊഫഷണൽ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചുവരുന്നു.

പോലീസിന്റെ സഹായത്തോടെ പെൺകുട്ടികൾക്കായി വനിതാ -ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ധീര പദ്ധതിയുടെ അര മണിക്കൂർ ദൈർഘ്യമുള്ള Self Defence Trainings സംഘടിപ്പിക്കുന്നു.

**2.ഇനി വേണം പ്രതികരണം ക്യാമ്പയിൻ**

സംസ്ഥാനത്തെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വനിതാ-ശിശു വികസന വകുപ്പ് 2022-23 വർഷത്തിൽ ലിംഗ അസമത്വം, സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ വിവിധ ദൃശ്യ, ശ്രാവ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ സ്ത്രീ ശാക്തീകരണ ക്യാമ്പയിനുകൾ 'ഇനി വേണം പ്രതികരണം' എന്ന പേരിൽ സംഘടിപ്പിച്ചു.

സ്ത്രീകൾക്കു നേരെയുള്ള സ്ത്രീധന പീഢനങ്ങൾ/ഗാർഹിക പീഢനങ്ങൾ, ഇവയെ തുടർ ന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ വിവിധ തരത്തിലുള്ള

അതിക്രമങ്ങൾ തിരിച്ചറിയുവാനും, ആയത് റിപ്പോർട്ട് ചെയ്യുന്നതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ അവരെ സഹായിക്കുന്നതിനായും വനിതാ ശിശു വികസന വകുപ്പ് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

**3. ORANGE THE WORLD CAMPAIGN**

പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന ലിംഗ വിവേചനങ്ങൾക്കെതിരെയും ORANGE THE WORLD CAMPAIGN എന്ന പേരിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN "ORANGE THE WORLD CAMPAIGN" ന്റെ ഭാഗമായി നവംബർ 25 മുതൽ ഡിസംബർ 10 വരെ എല്ലാ വർഷവും രണ്ടാഴ്ചത്തെ കാമ്പയിൻ നടത്തിവരുന്നു.

**<u>വിവിധ ദിനാചരണങ്ങൾ</u>**

ലോകമെമ്പാടുമുള്ള സ്ത്രീകൾ വിദ്യാഭ്യാസം, വാണിജ്യം, വ്യവസായം, ശാസ്ത്രസാങ്കേതിക രംഗം, ആരോഗ്യം, തൊഴിൽ, കുടുംബം തുടങ്ങിയ സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ ഓർമ്മിക്കുവാനും ആഘോഷിക്കുവാനും. ഇത്തരത്തിൽ ഉന്നതനിലയിലെത്തിയ വനിതകളെ ആദരിക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനങ്ങൾ, സ്ത്രീധനത്തിന്റെ പേരിലുള്ള അതിക്രമങ്ങൾ, ലിംഗവിവേചനം എന്നിവ ചെറുക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഒരു മാർഗ്ഗം എന്ന നിലയിൽ ദിനാചരണങ്ങൾക്ക് ഊന്നൽ നൽകി ടി വിഷയത്തിന്മേൽ ജനശ്രദ്ധകൊണ്ടു വരുന്ന പരിപാടികൾ സംഘടിപ്പിക്കുക എന്നത് അനിവാര്യമാണ്. ഇത് സംബന്ധിച്ച് വ്യാപകമായ ബോധവത്കരണ പരിപാടികൾ അങ്കണവാടിതലം മുതൽ സംഘടിപ്പിച്ച് വരുന്നു.

**വനിത രത്ന പുരസ്കാരം :**

സാമൂഹ്യസേവനം,, കായിക രംഗം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച ജീവിത വിജയം നേടിയ വനിതകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ ശാസ്ത്രമേഖല, കല- സാഹിത്യം എന്നീ മേഖലകളിൽ പ്രാവീണ്യം തെളിയിക്കുന്ന വനിതകൾ എന്നിവർക്ക് " വനിതാ രത്നം" പുരസ്കാരം നൽകി വരുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് അവാർഡായി നൽകുന്നത്.

**<u>സ്ത്രീകൾക്കായുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ</u>**

വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ 12 മഹിളാ മന്ദിരങ്ങൾ (ഇടുക്കി, വയനാട് ജില്ലകൾ ഒഴികെ), 3 ആഫ്റ്റർകെയർ ഹോമുകൾ (കൊല്ലം, കോഴിക്കോട്, കണ്ണൂർ), 1 റെസ്ക്യൂ ഹോം (മലപ്പുറം), 1 ഷോർട്ട് സ്റ്റേ ഹോം (കോഴിക്കോട്) എന്നീ 17 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**I) പാൽന സ്കീം (60%CSS) - അങ്കണവാടി കം ക്രഷ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പാൽന സ്കീമിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനുള്ള കേന്ദ്ര സംസ്ഥാന സർക്കാർ അനുമതി ലഭ്യമാകുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക; കുഞ്ഞുങ്ങൾക്ക് അവകാശപ്പെട്ട മെച്ചപ്പെട്ട ശിശു സംരക്ഷണം ഉറപ്പാക്കുക; കുഞ്ഞുങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതെ തന്നെ അസംഘടിത മേഖലയിലടക്കം ജോലി ചെയ്യുന്ന രക്ഷകർത്താക്കൾക്ക് വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെടുന്നതിന് സഹായകരമാകുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന അങ്കണവാടി കം ക്രഷുകളുടെ പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകുന്നേരം 7 മണി വരെയായാണ് ക്രമീകരിച്ചിട്ടുള്ളത്.

**2. ശക്തി സദൻ പദ്ധതി:**

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താത്ക്കാലിക താമസ സൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരിക, ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചു കൊണ്ടു വരിക എന്നീ ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധാർഗ്രഹ് പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നു.

**3. ബേഠി ബച്ചാവോ ബേഠി പഠാവോ**

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞ് വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തി കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി നടപ്പാക്കി വരുന്നു.

**4. വിമൺ ഹെൽപ് ലൈൻ**

കേരളത്തിലെ വനിതകൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സൗജന്യ അടിയന്തിര ഫോൺ സേവനമാണ് 181 ഹെൽപ് ലൈൻ പദ്ധതി. എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന് വേണ്ടി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ് ലൈൻ സംവിധാനം നടത്തി വരുന്നു.

**Scheme for Special Assistance to States for Capital Investment 2024-25:-**

കേന്ദ്ര സർക്കാരിന്റെ Scheme for Special Assistance to States for Capital Investment 2024-25 പദ്ധതി പ്രകാരം സംസ്ഥാനത്ത് 10 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിനായി ആകെ 120 കോടി രൂപയുടെ പ്രോപ്പോസലിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിയ്ക്കുകയും, ആദ്യ ഗഡുവായി 79.20 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുകയും അപ്രകാരം ലഭിച്ച തുക പദ്ധതി നിർവഹണ സ്ഥാപനങ്ങളായ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ